മാധ്യമം

28 November 2020

# നഗരവാസികൾക്ക് ഇനി പെടക്കണ മീൻ വാങ്ങാം

**കൊച്ചി:** നഗരത്തിലെ മത്സ്യപ്രേമികൾക്ക് ശുദ്ധമായ മീൻ കഴിക്കാൻ അവസരമൊരുക്കി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണസ്ഥാപനം (സി.എം.എഫ്.ആർ.ഐ). കൂടുകൃഷിയിൽ വിളവെടുത്ത ജീവനുള്ള കാളാഞ്ചി, കരിമീൻ, ചെമ്പല്ലി, തിലാപ്പിയ മത്സ്യങ്ങൾ ഇനി മുതൽ എല്ലാ പ്രവൃത്തിദിനങ്ങളിലും സി.എം.എഫ്.ആർ.ഐയിൽനിന്ന് നേരിട്ടു വാങ്ങാം.

സി.എം.എഫ്.ആർ.ഐയിലെ കാർഷിക സാങ്കേതികവിദ്യ വിവരകേന്ദ്രം (അറ്റിക്), എറണാകുളം കൃഷി വിജ്ഞാന കേന്ദ്രം എന്നിവയുടെ സാങ്കേതിക സഹായത്തോടെ കൂടുമത്സ്യ കൃഷി നടത്തുന്ന കർഷകരാണ് സ്ഥിരമായി ഒരുക്കിയ ലൈവ് ഫിഷ് കൗണ്ടർ സംവിധാനത്തിലൂടെ വിൽപന നടത്തുന്നത്.കോവിഡ് പശ്ചാത്തലത്തിൽ മത്സ്യവിപണനത്തിൽ കർഷകർ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുകയെന്ന ലക്ഷ്യത്തോടെയാണ് പദ്ധതി.



സി.എം.എഫ്.ആർ.ഐയിൽ ആരംഭിച്ച ലൈവ് ഫിഷ് കൗണ്ടറിൽനിന്നുള്ള ദൃശ്യം

ഇടനിലക്കാരുടെ സഹായമില്ലാതെതന്നെ ആവശ്യക്കാരിലേക്ക് മത്സ്യമെത്തിക്കാൻ ഇത് മത്സ്യകർഷകരെ സഹായിക്കും. കൃഷിയുടെ ഉൽപാദനച്ചെലവിന്റെ 30 ശതമാനം വരെ ഇടനിലക്കാർ മുഖേന കർഷകർക്ക് നഷ്ടപ്പെടുന്നുണ്ട്. മീനുകൾ ജീവനോടെ വിൽപന നടത്താനുള്ള സാധ്യതകൂടിയാണ് പുതിയ സംവിധാനത്തിലൂടെ സി.എം.എഫ്.ആർ.ഐ പ്രചരിപ്പിക്കുന്നത്. രാവിലെ 10 മുതൽ വൈകീട്ട് ഏഴുവരെയാണ് പ്രവർത്തന സമയം.